പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5279. 05-07-2012 ന് മറുപടിക്ക്</u>

## ഫോറസ്റ്റ് ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും<br>വകുപ്പ് മന്ത്രി) |
| എ) ഫോറസ്റ്റ് ടൂറിസത്തിനായി വനം വികസന കോർപ്പറേഷന്റെയും വനം വകുപ്പിന്റെയും കീഴിലുള്ള പ്രകൃതി മനോഹരമായ സ്ഥലങ്ങളിലേക്ക് ടൂർ പാക്കേജുകൾ ഇടുന്ന കാര്യം ആലോചനയിലുണ്ടോ ; വിശദമാക്കാമോ ; | എ) വനം വകുപ്പിന്റെയും കേരള വനം വികസന കോർപ്പറേഷന്റെയും പ്രകൃതി മനോഹരമായ സ്ഥലങ്ങളിലേക്ക് ടൂർ പാക്കേജുകൾ നടപ്പാക്കാൻ പദ്ധതിയുണ്ട്. തിരുവനന്തപുരത്തുനിന്നും കോട്ടൂർ-നെയ്യാർ എന്നിവിടങ്ങളിലേക്കും പൊന്മുടിയിലേക്കും ടൂർ പാക്കേജ് നടപ്പാക്കാനാണ് ആദ്യഘട്ടത്തിൽ പദ്ധതി. |
| ബി) പ്രസ്തുത സ്ഥലങ്ങളിലെ റെസ്റ്റ് ഹൗസുകൾ, ക്യാമ്പ് ഷെഡുകൾ, ലോഗ് ഹൗസുകൾ എന്നിവ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കി കൊടുക്കുമോ ; | ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റെസ്റ്റ് ഹൗസുകൾ, ക്യാമ്പ് ഷെഡുകൾ, ലോഗ്ഹൗസുകൾ എന്നിവ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് സൗകര്യമൊരുക്കി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ടൂറിസം വകുപ്പിനെയും സമീപിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) സഞ്ചാരികൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | സി) ഫണ്ടിന്റെ ലഭ്യതയും നിലവിലുള്ള വനം വന്യജീവി സംരക്ഷണ നിയമങ്ങൾക്കും വിധേയമായി സഞ്ചാരികൾക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ